**കേരള സർക്കാർ**

നം. 51675/ഡി.ബി.1/2009/തസ്വഭവ

**തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്**
തിരുവനന്തപുരം, തീയതി: 21.08.2009

**സർക്കുലർ**

വിഷയം:- ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി – ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കൽ – നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന:-
1) സർക്കുലർ നം. 192/ഡി.ബി.1/2007/തസ്വഭവ; തീയതി 01.01.2009
2) സ.ഉ. (എം.എസ്)നം. 15/2009/തസ്വഭവ; തീയതി 31.01.2009
3) സർക്കുലർ നം.12466/ഡി.ബി.1/2009/തസ്വഭവ; തീയതി 02.03.2009
4) സർക്കുലർ നം.26727/ഡി.ബി.1/2009/തസ്വഭവ; തീയതി 05.05.2009
5) സർക്കുലർ നം.8863/ഡി.ബി.1/2009/തസ്വഭവ; തീയതി 12.05.2009
6) സ.ഉ.(എം.എസ്)നം. 91/2009/തസ്വഭവ; തീയതി 27.05.2009

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഭൂരഹിത/ഭവനരഹിത കുടുംബങ്ങൾക്കും ഭൂമിയും വീടും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സൂചന ഒന്ന്, നാല് എന്നിവ പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഇ.എം.എസ്. ഭവന പദ്ധതി 2009–11 കാലയളവിലായി പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഗുണഭോക്തൃ പട്ടിക കാലതാമസം കൂടാതെ അന്തിമമാക്കിയെങ്കിൽ മാത്രമേ പദ്ധതിയുടെ നിർവഹണം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. അതിനാൽ സർക്കാർ ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) ഇ.എം.എസ്. ഭവന പദ്ധതിയുടെ ഭാഗമായി ഭൂമിയും വീടും ലഭ്യമാക്കേണ്ട ഗുണഭോക്താക്കളുടെ അർഹതാപരിശോധന നടത്തി ലിസ്റ്റ് അന്തിമമാക്കുന്ന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും 2009 സെപ്റ്റംബർ 30–നകം പൂർത്തിയാക്കേണ്ടതാണ്. ആ തീയതിക്കകം ലിസ്റ്റ് അന്തിമമാക്കാത്ത ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ പഞ്ചായത്ത് ഡയറക്ടർക്കും പഞ്ചായത്ത് ഡയറക്ടർ സർക്കാരിലേയ്ക്കും റിപ്പോർട്ട് ചെയ്യണം. നഗരസഭകളുടെ വിവരങ്ങൾ നഗരകാര്യ ഡയറക്ടർ സർക്കാരിന് ലഭ്യമാക്കണം.

(2) ഭൂരഹിതർക്ക് ഭൂമി നൽകുവാൻ സർക്കാർ ഭൂമി ലഭ്യമാണെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിന് അനുവദിച്ചു കിട്ടുന്നതിനായി ഭൂമിയുടെ വിവരങ്ങൾ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സൂചന ഒന്ന് മുഖേന പുറപ്പെടുവിച്ച സർക്കുലറിലെ ഖണ്ഡിക 4.5–ൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ രീതിയിൽ കണ്ടെത്തി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്യുന്ന മിച്ചഭൂമി, പുറമ്പോക്ക് ഭൂമി മുതലായ സർക്കാർ ഭൂമിയുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തുകൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെയും നഗസഭകൾ നഗരകാര്യ ഡയറക്ടറെയും 2009 സെപ്റ്റംബർ 25–നകം അറിയിക്കണം. ഭൂമിയുടെ വിസ്തീർണ്ണം, സർവേ നമ്പർ/നമ്പരുകൾ, ഇപ്പോൾ ആരുടെ ഉടമസ്ഥതയിൽ മുതലായ വിവരങ്ങളാണ് റിപ്പോർട്ട് ചെയ്യേണ്ടത്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സെപ്റ്റംബർ 30–നകം പഞ്ചായത്ത് ഡയറക്ടർക്ക് ലഭ്യമാക്കണം. പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും വിവരങ്ങൾ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് സർക്കാരിന് ലഭ്യമാക്കേണ്ടതാണ്.

(3) അർഹതാ പരിശോധന നടത്തി അന്തിമമാക്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഈ വാർഷിക പദ്ധതി മുതൽ പുതിയ ഭവന നിർമ്മാണ പ്രോജക്ടുകളും ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുള്ള പ്രോജക്ടുകളും നടപ്പാക്കാൻ പാടുള്ളൂ.

**എസ്.എം. വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
8 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
9 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
10 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
11 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
12 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
13 സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
14 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
15 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
16 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
17 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി (ജില്ലാകളക്ടർമാർ) മാർക്കും
18 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
19 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
20 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
21 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
22 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
23 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
24 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
25 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
26 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
27 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
28 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
29 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
30 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ
31 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി സെക്ഷനുകൾക്ക്